# വാർത്താക്കുറിപ്പ്

**തിരുവനന്തപുരം** **ജില്ലാ ഇൻഫർമേഷൻ ഓഫീസ്**
Email: dioprdtvm@gmail.com
**ഫോൺ: 0471 2731300**

**2018 സെപ്റ്റംബർ 07**

---

## കുഞ്ഞു കൈകളിൽനിന്നു വലിയ സഹായം ഒരുങ്ങുന്നു ദുരിതാശ്വാസ നിധിയിലേക്കു ധനം സമാഹരിക്കാൻ വിദ്യാലയങ്ങളും

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസഹായ ശേഖരണത്തിനായി ജില്ലയിലെ വിദ്യാലയങ്ങൾ ഒരുങ്ങുന്നു. കേരളത്തിന്റെ പുനർ നിർമാണത്തിനായി സെപ്റ്റംബർ 11ന് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഏകദിന ധനശേഖരണ യജ്ഞത്തിൽ കഴിയാവുന്നത്ര പണം ശേഖരിച്ചു നൽകാനുള്ള തയാറെടുപ്പുകളിലാണ് ഓരോ സ്കൂളും. മിക്ക സ്കൂളുകളിലും ദിവസങ്ങൾക്കു മുൻപേ ധനശേഖരണം തുടങ്ങിക്കഴിഞ്ഞു.

സർക്കാർ, എയ്ഡഡ്, അൺ-എയ്ഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, കേന്ദ്രീയ വിദ്യാലയ, നവോദയ തുടങ്ങി എല്ലാ വിഭാഗത്തിലുമുള്ള സ്കൂളുകളെ ഉൾപ്പെടുത്തി ജില്ലയിലെ മുഴുവൻ വിദ്യാർഥികളെയും ധനശേഖരണ യജ്ഞത്തിന്റെ ഭാഗമാക്കും. ക്ലാസ് അടിസ്ഥാനത്തിലാണു സ്കൂളുകളിൽ ധനശേഖരണം നടക്കുന്നത്. കുട്ടികൾ ശേഖരിക്കുന്ന തുക 11 നു രാവിലെ 10 ന് കോട്ടൺഹിൽ സ്കൂളിൽനിന്നും ഉച്ചയ്ക്ക് 12ന് പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽനിന്നും ദേവസ്വം - സഹകരണം - ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഏറ്റുവാങ്ങും.

ജില്ലയിലെ മിക്ക സ്കൂളുകളും പ്രളയക്കെടുതി ബാധിച്ച സ്ഥലങ്ങളിലേക്ക് അവശ്യസാധനങ്ങളെത്തിച്ചും അവിടുത്തെ കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ വാങ്ങി നൽകിയും മാതൃകയായിരുന്നു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, വയനാട് ജില്ലകളിലേക്ക് ലോഡ് കണക്കിന് അവശ്യ സാധനങ്ങളാണു കുട്ടികളുടെ വകയായി ജില്ലയിൽനിന്നു നൽകിയത്. പ്രളയബാധിത ജില്ലകളിൽ അവശ്യവസ്തുക്കളെത്തിക്കാൻ കാട്ടിയ ആവേശത്തിൽത്തന്നെയാണ് സംസ്ഥാന പുനർ നിർമാണത്തിനായുള്ള ധനസമാഹരണ യജ്ഞത്തിലേക്കു വിദ്യാർഥികൾ സംഭാവന നൽകുന്നത്.

പൊതുജനങ്ങളിൽനിന്നു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു ധനസമാഹരണം നടത്തുന്ന യജ്ഞത്തിനും സെപ്റ്റംബർ 11 നു തുടക്കമാകും. തിരുവനന്തപുരം താലൂക്കിലാണു സെപ്റ്റംബർ 11ന് ധനസമാഹരണ യജ്ഞം. ഉച്ചകഴിഞ്ഞ് മൂന്നു മുതൽ അഞ്ചു വരെ വി.ജെ.ടി. ഹാളിൽ മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ

ധനസമാഹരണം നടത്തും. സെപ്റ്റംബർ 13നു രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒന്നു വരെ നെടുങ്ങാട് മുനിസിപ്പൽ ടൗൺ ഹാളിലും സെപ്റ്റംബർ 14നു രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ ആറ്റിങ്ങൽ ടൗൺ ഹാളിലും ഉച്ചകഴിഞ്ഞ് മൂന്നു മുതൽ അഞ്ചു വരെ വർക്കല മുനിസിപ്പൽ ഓഫിസ് ഹാളിലും ധനശേഖരണം നടത്തും.

നെയ്യാറ്റിൻകര താലൂക്കിലെ ധനശേഖരണം സെപ്റ്റംബർ 15ന് രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒന്നു വരെ നെയ്യാറ്റിൻകര ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിലും കാട്ടാക്കട താലൂക്കിലേത് അന്നേ ദിവസം ഉച്ചകഴിഞ്ഞ് ര ു മുതൽ അഞ്ചു വരെ കാട്ടാക്കട ക്രിസ്ത്യൻ കോളജ് ഓഡിറ്റോറിയത്തിലും നടക്കും. ചെക്കുകളും ഡ്രാഫ്റ്റുകളുമായാണു പണം സ്വീകരിക്കുന്നത്. ഓരോ താലൂക്കിലും നിശ്ചയിച്ചിട്ടുള്ള സമയത്ത് മന്ത്രി നേരിട്ടെത്തി തുക ഏറ്റുവാങ്ങും.

(പി.ആർ.പി. 2267/2018)

## സഹപാഠികൾക്ക് സ്നേഹസമ്മാനമായി ചങ്ങാതിപ്പൊതികൾ

തിരുവനന്തപുരം ജില്ലാ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ സമാഹരിച്ച ചങ്ങാതിപ്പൊതികൾ ആലപ്പുഴ ചെങ്ങന്നൂരിലെ 10 സ്കൂളുകളിലെ കൂട്ടുകാർക്കു സ്നേഹസമ്മാനമായി. ചങ്ങാതിപ്പൊതികളുമായി ഇന്നലെ (സെപ്റ്റംബർ 07) രാവിലെ ആലപ്പുഴയിലേക്കു തിരിച്ച വാഹനം എം.എൽ.എ ഹോസ്റ്റലിനു സമീപം വ്യവസായ വകുപ്പ് മന്ത്രി ഇ.പി ജയരാജൻ ഫ്ളാഗ് ഓഫ് ചെയ്തു.

ബാലസാഹിത്യ ഇൻസിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, ബാലസംഘം സംസ്ഥാന കൺവീനർ എം. പ്രകാശൻ മാസ്റ്റർ, ജില്ലാ സെക്രട്ടറി മടത്തറ സുഗതൻ ട്രഷറർ, ജി.എൽ. അരുൺ ഗോപി, സംസ്ഥാന ട്രഷറർ ജി. രാധാകൃഷ്ണൻ, ജില്ലാ. എക്സിക്യൂട്ടിവ് അംഗങ്ങളായ വി. രാമലക്ഷ്മണൻ, എസ്.കെ. അരുൺ എന്നിവർ സംബന്ധിച്ചു.

(പി.ആർ.പി. 2268/2018)

## മഹാപ്രളയത്തിൽ രക്ഷാപ്രവർത്തകരായ മത്സ്യത്തൊഴിലാളികൾക്ക് വർക്കല നഗരസഭയുടെ ആദരം

പ്രളയബാധിത പ്രദേശത്ത് രക്ഷാപ്രവർത്തനം നടത്തിയ വർക്കല നഗരസഭാ പരിധിയിലെ മത്സ്യത്തൊഴിലാളികളെ നഗരസഭ ആദരിച്ചു.

രക്ഷാപ്രവർത്തനത്തിൽ മത്സ്യത്തൊഴിലാളികൾ നടത്തിയത് ജീവൻ മരണ പോരാട്ടമായിരുന്നുവെന്നു ചടങ്ങ് ഉദ്ഘാടനം ചെയ്ത അഡ്വ. വി ജോയി എം.എൽ.എ പറഞ്ഞു. കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട സ്വന്തം കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ച ശേഷമാണ് മത്സ്യത്തൊഴിലാളികൾ വള്ളങ്ങളും ബോട്ടുകളുമായി ദുരിതാശ്വാസ പ്രവർത്തനത്തിനായി തിരിച്ചതെന്നും അദ്ദേഹം ചൂ ി ക്കാട്ടി.

പത്തനംതിട്ടയിലും ചെങ്ങന്നൂരും രക്ഷാപ്രവർത്തനം നടത്തി ഒരു ലക്ഷത്തിലധികം ആളുകളുടെ ജീവൻ രക്ഷിച്ച 19 മത്സ്യത്തൊഴിലാളികളെയാണ് ചടങ്ങിൽ ആദരിച്ചത്. മുനിസിപ്പൽ ചെയർപേഴ്സൻ ബിന്ദു ഹരിദാസ് അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ എസ്. അനിജോ, സെക്രട്ടറി സുബോധ് തുടങ്ങിയവരും പങ്കെടുത്തു.

(പി.ആർ.പി. 2269/2018)

## ലൈഫ് പദ്ധതി; നേമത്ത് 71 കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള ഭവനം

* ഏറ്റെടുത്ത 75 വീടുകളിൽ 71 എണ്ണവും പൂർത്തീകരിച്ചു

* പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയ്ക്ക് പുറമേ ജാതി മത രാഷ്ട്രീയ ഭേദമന്യേ നാട്ടുകാരുമെത്തി

ഏവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഏറ്റെടുത്ത 75 വീടുകളിൽ 71 എണ്ണവും പൂർത്തീകരിച്ച് നേമം ബ്ലോക്ക് പഞ്ചായത്ത്. മുൻ കാലങ്ങളിൽ വിവിധ പദ്ധതികളിലായി വീടുവയ്ക്കാൻ ധനസഹായം ലഭിച്ചിട്ടും വീടുപണി പൂർത്തിയാക്കാൻ കഴിയാത്തവരാണ് ഏഴു ഗ്രാമ പഞ്ചായത്തുകളിലായി വരുന്ന ഈ കുടുംബങ്ങൾ.

ഓരോ ഗുണഭോക്താവിനും നാലു ലക്ഷം രൂപ വീതമാണ് അനുവദിച്ചത്. ഇതിനു പുറമേ ജാതി മത രാഷ്ട്രീയ ഭേദമന്യേ നാട്ടുകാരും മറ്റ് സന്നദ്ധ സംഘടനകളും സഹായം നൽകി. നാലു വീടുകളുടെ പണി മാത്രമാണ് ഇനി പൂർത്തിയാക്കാനുള്ളത്. ഇവ കൂടി പൂർത്തിയായാൽ ഏറ്റെടുത്ത നൂറുശതമാനം വീടുകളും പൂർത്തീകരിച്ച ബ്ലോക്കായി മാറും നേമം. ഇവയുടെ പണി അന്തിമഘട്ടത്തിലാണെന്നും എത്രയും വേഗം അവ പൂർത്തീകരിക്കാനുള്ള നടപടികൾ നടന്നുവരികയാണെന്നും നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എൽ. ശകുന്തളകുമാരി പറഞ്ഞു.

പദ്ധതിയുടെ പൂർത്തീകരണത്തിനായി ബ്ലോക്ക് തലത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിലും സംഘാടക സമിതി രൂപീകരിച്ചായിരുന്നു പ്രവർത്തനം.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശാനുസരണം ആലപ്പുഴ ജില്ലയിലെ പുത്തൻകാവ് ജി.യു.പി.എസ്, പുത്തൻകാവ് എം.എച്ച്.എസ്.എസ്, പാ നാട് നോർത്ത് ജെ.ബി.എസ്, ഉമയാട്ടുകര എം.ടി.എൽ.പി.എസ്, ജെ.ബി.എസ്. വെൺമണി, എം.ടി.എച്ച്.എസ്.എസ്. വെൺമണി, എച്ച്.ഐ.ജെ.യു.പി സ്കൂൾ ഉളുന്തി, എം.ഡി.എൽ.പി.എസ്. പാവുകര, എന്നീ സ്കൂളുകളിൽ ട്രഷറർ ജി.എൽ. അരുൺ ഗോപിയുടെ നേതൃത്വത്തിൽ ചങ്ങാതിപ്പൊതികൾ വിതരണം ചെയ്തു. കുട്ടികളിൽ നിന്നും എസ്.പി.സി അംഗങ്ങളിൽനിന്നും പൊതുജനങ്ങളിൽനിന്നും സമാഹരിച്ച പഠനോപകരണങ്ങളാണ് ചങ്ങാതിപ്പൊതികളാക്കി മാറ്റിയത്.

ഒരു ബാഗും അഞ്ചു നോട്ട് ബുക്കും അഞ്ചു പേനയും അഞ്ചു പെൻസിലും ഇൻസ്ട്രറ്റുമെന്റ് ബോക്സും ഒരു ചോറ്റുപാത്രവും അടങ്ങുന്ന കിറ്റാണ് ചങ്ങാതിപ്പൊതി.

(പി.ആർ.പി. 2270/2018)

## പട്ടികജാതി പ്രൊമോട്ടർ ഒഴിവ്

ആറ്റിങ്ങൽ മുൻസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസ്, വാമനപുരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിനു കീഴിലുള്ള നെല്ലനാട് പഞ്ചായത്ത് എന്നിവിടങ്ങളിൽ എസ്.സി. പ്രൊമോട്ടർമാരുടെ ഒഴിവിലേക്ക് തദ്ദേശവാസികളായ യുവതി-യുവാക്കളിൽ

നിന്ന് അപേക്ഷ ക്ഷണിച്ചു. 18നും 40നും മധ്യേ പ്രായമുള്ള പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ്ടു വിജയിച്ചവർക്ക് അപേക്ഷിക്കാം. വെള്ളപ്പേപ്പറിൽ തയാറാക്കിയ അപേക്ഷ ജാതി, ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, സ്ഥിരമായി താമസിക്കുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സെപ്റ്റംബർ 15ന് വൈകിട്ട് മൂന്നിനുമുൻപായി ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു.

(പി.ആർ.പി. 2271/2018)

## പട്ടികജാതി വിദ്യാർഥികൾക്കായി വർക്കല ബ്ലോക്കിൽ പഠന മുറികൾ ഒരുങ്ങുന്നു

പട്ടികജാതി പട്ടികവർഗ വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി വർക്കല ബ്ലോക്ക് പഞ്ചായത്ത് പഠന മുറികൾ നിർമിക്കുന്നു. വാർഷിക വരുമാനം കുറഞ്ഞ പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർഥികൾക്കാണ് സൗകര്യം ലഭിക്കുന്നത്. ഒറ്റമുറി വീടുകളിൽ താമസിക്കുന്നവർക്ക് മുൻഗണനയു ്.

ര ് ലക്ഷം രൂപ ചെലവിൽ 100 ചതുരശ്ര അടിയുള്ള ഫീറ്റ് ഉള്ള മുറികളാണ് വീടിനോട് ചേർന്ന് നിർമിക്കുന്നത്. 50,000 രൂപ മുൻകൂറായി നൽകും. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർമാണ പുരോഗതി പരിശോധിച്ച ശേഷം ബാക്കി തുക രക്ഷിതാവിന്റെ അക്കൗ ിലേക്ക് നൽകും. ഒരു വീട്ടിലുള്ള എല്ലാ കുട്ടികൾക്കുമായാണ് പഠനമുറി നിർമ്മിക്കുന്നത്.

കോൺക്രീറ്റിംഗ്, പ്ലാസ്റ്ററിംഗ്, ടൈൽ പാകൽ എന്നിവയ്ക്ക് പുറമേ പുസ്തകങ്ങൾ സൂക്ഷിക്കുവാനുള്ള ഭിത്തി അലമാര, ഒരു വാതിൽ, ര ് ജനാലകൾ എന്നിവ സ്ഥാപിക്കുന്നതിനും മുറി വൈദ്യുതീകരിച്ച് ഫാൻ, ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി പ്രത്യേകം ഗഡുക്കളായാണ് തുക നൽകുന്നത്.

നിലവിൽ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 31 പഠന മുറികളിൽ 24 പഠനമുറികളുടെ നിർമാണം പൂർത്തിയാകാറായി.

(പി.ആർ.പി. 2272/2018)

## അർഹതാ പരിശോധന മാറ്റി

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെമ്മോറിയസ് സ്കോളർഷിപ്പ് പദ്ധതിയുടെ നേമം, അതിയന്നൂർ ബ്ലോക്കിലെ ഗുണഭോക്താക്കൾക്കായി സെപ്റ്റംബർ 10ന് നടത്താനിരുന്ന അർഹതാ പരിശോധന 12ലേക്കു മാറ്റിവച്ചതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മറ്റ് ബ്ലോക്കുകളിലെ അർഹതാപരിശോധനാ തീയതികളിൽ മാറ്റമില്ല.

(പി.ആർ.പി. 2273/2018)

## കഴക്കൂട്ടം ഗവൺമെന്റ് വനിതാ എ.ടി.ഐ യിൽ സീറ്റൊഴിവ്

കഴക്കൂട്ടം ഗവൺമെന്റ് വനിതാ എ.ടി.ഐ യിൽ 2018-19 അധ്യയന വർഷത്തെ എൻ.സി.വി.റ്റി- എസ്.വി.റ്റി. ട്രേഡുകളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേ

ക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷകൾ സെപ്റ്റംബർ 18 ന് മൂന്നുമണിക്ക് മുൻപ് ലഭിക്കണമെന്ന് പ്രിൻസിപ്പൾ അറിയിച്ചു. അപേക്ഷാ ഫോം ഐ.ടി.ഐ യിൽ ലഭ്യമാണ്.

(പി.ആർ.പി. 2274/2018)

## വാക്ക് ഇൻ ഇന്റർവ്യൂ 12ലേക്കു മാറ്റി

സി-ഡിറ്റ്, സൈബർശ്രീയിൽ പട്ടികജാതി വിഭാഗക്കാർക്ക് സോഫ്റ്റ്‌വെയർ വികസന പരിശീലനത്തിന് നിലവിലുള്ള ഒഴിവിലേക്ക് സെപ്റ്റംബർ 10നു നടത്താനിരുന്ന വാക്ക് ഇൻ ഇന്റർവ്യൂ സെപ്റ്റംബർ 12 ലേയ്ക്ക് മാറ്റിയതായി പ്രൊജക്ട് മാനേജർ അറിയിച്ചു.

(പി.ആർ.പി. 2275/2018)

## ലേലം മാറ്റിവച്ചു

സെപ്റ്റംബർ 10ന് വിവിധ സംഘടനകൾ ഹർത്താൽ പ്രഖ്യാപിച്ച സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽവച്ച് അന്നു നടത്താൻ നിശ്ചയിച്ചിരുന്ന കെ.എൽ 01 എൻ 1760 വാഹനത്തിന്റെ ലേലം 11ന് രാവിലെ 11.30ലേക്കു മാറ്റിയതായി സെക്രട്ടറി അറിയിച്ചു.

(പി.ആർ.പി. 2276/2018)